No. CEE4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001

# വിജ്ഞാപനം

## KEAM- 2020

## എം.ബി.ബി.എസ്കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ്

**ഓപ്ഷൻ രജിസ്ട്രേഷൻ 16.12.2020 ന് അവസാനിക്കുന്നു.**

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ് കോഴ്സിന്റെ രണ്ടാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ 16.12.2020 ന് പൂർത്തിയാകുന്നതാണ്. ഇതിനുശേഷം വരുന്ന ഒഴിവുള്ള സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഓൺലൈൻ മോപ്–അപ്പ് കൗൺസലിംഗിലൂടെ നികത്തുന്നതായിരിക്കും. ഇതിലേക്ക് ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 16.12.2020, രാവിലെ 10.00 മണി വരെ ആണ്. കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം ലഭിച്ചിട്ടുള്ളതും, അല്ലാത്തതുമായ എല്ലാ വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. രണ്ടാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുവരുന്ന സീറ്റുകളുടെയും അനുവദനീയമായ കോളേജ് മാറ്റം മൂലമുണ്ടാകുന്ന ഒഴിവുകളുടേയും 5 മടങ്ങ് എണ്ണം വിദ്യാർത്ഥികളെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടേയും, റിസർവേഷൻ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതാണ്.

ഇത്തരത്തിൽ സർട്ടിഫിക്കറ്റ് പരിശോധനയക്കായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമാണ് രജിസ്ട്രേഷൻ ഫീസ് ബാധകമാകുന്നത്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴിയല്ലാതെ മറ്റ് കോഴ്സുകളിൽ (ആർട്സ് & സയൻസ് കോഴ്സുകൾ, പാരാമെഡിക്കൽ കോഴ്സുകൾ, etc) പ്രവേശനം ലഭിച്ചവർ ഫീസ് ഒടുക്കേണ്ടതും സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ വിജ്ഞാപനപ്രകാരമുള്ള രേഖകളുമായി വെരിഫിക്കേഷന് ഹാജരാകേണ്ടതുമാണ്. എന്നാൽ നിലവിൽ എം.ബി.ബി.എസ് കോഴ്സിന് സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല. അവർ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി ഹാജരാകേണ്ടതുമില്ല. എന്നാൽ ബി.ഡി.എസ് കോഴ്സിന് സർക്കാർ ദന്തൽ കോളേജിൽ പ്രവേശനം ലഭിച്ചവർ അധികമായി വരുന്ന തുക രജിസ്ട്രേഷൻ ഫീസിനത്തിൽ അടയ്ക്കേണ്ടതാണ്, അവർ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകേണ്ടതില്ല. സ്വാശ്രയ ദന്തൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചവർ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല. അവർ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 12.12.2020 ലെ വിജ്ഞാപനപ്രകാരമുള്ള രേഖകളുമായി (എൻ.ഒ.സി സഹിതം) നിർബന്ധമായും ഹാജരാകേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷനായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റായ www.cee.kerala.gov.in ൽ 17.12.2020 ന് പ്രസിദ്ധീകരിക്കുന്നതാണ്.

മോപ്–അപ്പ് അലോട്ടുമെന്റ് വഴി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ഫീസിനത്തിൽ അടച്ച തുക ട്യൂഷൻ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. മോപ് അപ്പ് അലോട്ട്മെന്റ് മുഖേന പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. എന്നാൽ മോപ് അപ്പ് അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചിട്ടും തുടർന്നുള്ള പ്രവേശന നടപടികളിൽ പങ്കെടുക്കാതിരിക്കുകയോ പ്രവേശനം നഷ്ടമാക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് (അനാവശ്യമായി

ഓപ്ഷൻ രജിസ്റ്റർ ചെയ്തതായി പരിഗണിച്ച്) രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതല്ല. കൂടാതെ പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

മോപ് അപ്പ് അലോട്ട്മെന്റിന് ശേഷവും ഒഴിവുകൾ വരുന്നപക്ഷം അവ സ്ട്രേ വേക്കൻസികളായി പരിഗണിച്ച് മോപ് അപ്പ് റൗണ്ടിലെ ഓപ്ഷനുകളെ അടിസ്ഥാനമാക്കി അതത് കോളേജുകളിൽ പിന്നിട് നികത്തുന്നതായിരിക്കും. ആയതിനാൽ സ്ട്രേ വേക്കൻസികളിലേക്ക് പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ താത്പര്യമുള്ള കോളേജുകളിൽ ഈ ഘട്ടത്തിൽ തന്നെ നിർബന്ധമായും ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ട താണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
14.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**